ഇ.എക്സ്/എച്ച് 3 /16235/2020/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 695012
തീയതി : 20/04/2021

# സർക്കുലർ

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് സ്കീം (NMMSS ) പരീക്ഷ 2020 പ്രൊവിഷണൽ സെലക്ട് ലിസ്റ്റ് / പ്രൊവിഷണൽ വെയിറ്റിങ് ലിസ്റ്റ് സൂക്ഷ്മ പരിശോധന : പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

സൂചന : പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/04/2021 ലെ നമ്പർ എൻ 2/7923/2020/സി.ജി.ഇ. കത്ത്

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് സ്കീം ( NMMSS ) 2020 പരീക്ഷയിൽ സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സെലക്ട് ലിസ്റ്റ്, വെയിറ്റിങ് ലിസ്റ്റ് എന്നിവ സ്കൂൾ അധികൃതരുടെ സൂക്ഷ്മ പരിശോധനയ്ക്കായി സ്കൂൾ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. http://nmmse.kerala.gov.in/school എന്ന വെബ്സൈറ്റിൽ സ്കൂൾ ലോഗിനിൽ ആണ് ലിസ്റ്റുകൾ ലഭ്യമാക്കിയിട്ടുള്ളത്. Provisional List, Scholarship Waiting List എന്നീ രണ്ട് മെനുകളിലാണ് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുള്ള സൂചന സർക്കുലർ പ്രാകാരം എല്ലാ പ്രഥമാദ്ധ്യാപകരും 05/05/2021 ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പായി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കണം. വെരിഫിക്കേഷൻ നടത്തുന്നതിന് പ്രസ്തുത ലിസ്റ്റുകളിലെ വിദ്യാർത്ഥികളുടെ പേരിന് നേർക്കുള്ള 'verify' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ വിദ്യാർത്ഥി വിവരങ്ങൾ ദൃശ്യമാകുന്നതാണ്. പേര്, ജനനതീയതി തുടങ്ങിയ വിവരങ്ങൾ സൂചനയിലെ സർക്കുലറിൽ പ്രതിപാദിക്കും പ്രകാരം പരിശോധിക്കേണ്ടതാണ്. വിവരങ്ങൾ പരിശോധിച്ച് കൃത്യമാണെങ്കിൽ confirmation ചെക്ക് (ടിക്ക്) ചെയ്ത് “Verified and Found Correct” ബട്ടൺ ക്ലിക്ക് ചെയ്യണം. വിദ്യാർത്ഥിയുടെ പേരിലോ, ജനന തീയതിയിലോ തിരുത്തൽ ആവശ്യമുണ്ടെങ്കിൽ “Verified and Need Correction” എന്ന

ബട്ടൺ ക്ലിക്ക് ചെയ്യണം. അപ്പോൾ തിരുത്തലിനുവേണ്ടിയുള്ള പ്രധമാദ്ധ്യാപകന്റെ അപേക്ഷ അനുബന്ധ രേഖകൾ സഹിതം pdf ഫോർമാറ്റിൽ ഒറ്റഫയലായി സ്കാൻ ചെയ്ത് ( ഫയൽ വലിപ്പം 200 KB യിൽ താഴെ) അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

സ്കോളർഷിപ്പിന് അർഹത നേടി ലിസ്റ്റുകളിൽ ഉൾപ്പെട്ട ഏതെങ്കിലും വിദ്യാർത്ഥി സ്കൂളിൽ നിന്ന് വിടുതൽ വാങ്ങി പോയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം വിദ്യാർത്ഥിയുടെ വിവരങ്ങൾ ദൃശ്യമാകുന്ന പേജിൽ കാണുന്ന ' Candidate Left the school' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് Reason രേഖപ്പെടുത്തി സബ്മിറ്റ് ചെയ്യണം.

“Verified and Found Correct” രേഖപ്പടുത്തിയ വിദ്യാർത്ഥികളുടെ status " Verified " എന്നും തിരുത്തൽ ആവശ്യപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടേത് "Correction" എന്നും സ്കൂളിൽ നിന്നും വിടുതൽ വാങ്ങി പോയതായി രേഖപ്പെടുത്തിയവരുടേത് "Left the school" എന്നും വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടവരുടേത് 'Verify' എന്നും കാണുന്നതാണ്.

പ്രൊവിഷണൽ സെലക്ട് ലിസ്റ്റ്, വെയിറ്റിങ് ലിസ്റ്റ് എന്നിവ സമയബന്ധിതമായി സൂക്ഷ്മ പരിശോധന നിർവഹിക്കാൻ എല്ലാ പ്രധമാദ്ധ്യാപകരും അതീവ ശ്രദ്ധ പുലർത്തണമെന്ന് അറിയിക്കുന്നു. അശ്രദ്ധമായി വെരിഫിക്കേഷൻ നടത്തി ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതി വിശേഷം ഉണ്ടാവുകയാണെങ്കിൽ അത്തരം പ്രധമാദ്ധ്യാപകർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

ഒപ്പ് /-

പരീക്ഷാസെക്രട്ടറി

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ. എൻ2/7923/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 03/04/2021
Phone: 0471-2328438
**Email: supdtn.dge@kerala.gov.in**

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സെക്രട്ടറി
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പ് - റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത് - കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ പരിശോധിക്കുന്നത് - മാർഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 03/03/2021-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത് നം. എൻ.2/7923/2020/ഡി.ജി.ഇ.

നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിന് (എൻ.എം.എം.എസ്) യോഗ്യരായ കുട്ടികളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകണമെന്ന് സൂചന കത്ത് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ടി വിഷയത്തിൽ കുട്ടികളുടെ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലെ പേര്/ജനന തീയതി തുടങ്ങിയവ മറ്റ് രേഖകളുമായി ചേർത്ത് പരിശോധിക്കുമ്പോൾ വ്യത്യാസം കാണുന്ന സാഹചര്യത്തിൽ, ഏത് രേഖയിലെ വിവരങ്ങൾ ആധികാരികമായി പരിഗണിക്കണം എന്നത് സംബന്ധിച്ച് വ്യക്തത നൽകണമെന്ന് പരീക്ഷാ ഭവൻ സെക്രട്ടറി നേരിൽ ഈ കാര്യാലയത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ ടി കുട്ടികളുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്ന പേര്/ജനന തീയതി തുടങ്ങിയ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഉൾക്കൊള്ളിക്കുമെന്നതിനാൽ, ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമെ ടി കുട്ടികൾക്ക് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (അടുത്ത അധ്യയന വർഷം ടി സ്കോളർഷിപ്പ് തുക ലഭിക്കുന്നതിന്) രജിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ പേര്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ആധാർ വിവരങ്ങൾ എന്നിവ റാങ്ക് പട്ടികയിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങളുമായി ചേർത്ത് പരിശോധന ഉണ്ടാകുമെന്നതിനാൽ ഇവതമ്മിൽ വ്യത്യാസം ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിൽ, ടി വിഷയത്തിൽ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് യോഗ്യത നേടിയ കുട്ടികളുടെ വ്യക്തികത വിവരങ്ങളുടെ പരിശോധന നടപടികൾ സൂചന കത്ത് പ്രകാരം നിർവ്വഹിക്കുന്ന അവസരത്തിൽ, ടി കുട്ടികളുടെ സ്കൂൾ രേഖകളിലെ/അഡ്മിഷൻ രജിസ്റ്ററിലെ വിവരങ്ങൾ ആധികാരികമായി പരിഗണിച്ച് പരിശോധന അന്തിമപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് അന്തിമപ്പെടുത്തുന്നതിന് മുൻപ്, ടി കുട്ടികളുടെ ആധാർ/ബാങ്ക് അക്കൗണ്ട് എന്നിവയിലെ രേഖപ്പെടുത്തലുകൾ (ഉദാ : പേര്, ജനന തീയതി എന്നിവ) സ്കൂൾ രേഖയിലെ വിവരങ്ങളുമായി ചേർത്ത് പരിശോധിക്കുന്നതിന് പ്രധാനാധ്യാപകർ പ്രസ്തുത സ്കോളർഷിപ്പിന് യോഗ്യരായ കുട്ടികളുടെ രക്ഷകർത്താക്കൾക്ക് നിർദ്ദേശം/സൗകര്യം നൽകേണ്ടതും, വ്യത്യാസം കാണുന്നതിൽ നിർദ്ദിഷ്ഠ സമയ പരിധിയ്ക്ക് മുൻപ് രേഖകൾ ചട്ടപ്രകാരം ക്രമീകരിക്കുന്നതിന്/തെറ്റ് തിരുത്തുന്നതിന് ടിയാളുകൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. ആയതിൽ ഏതെങ്കിലും രക്ഷിതാക്കൾ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ, ടി രേഖകളിലെ മേൽ പറഞ്ഞ പ്രകാരമുള്ള പൊരുത്തക്കേടുകൾ പ്രസ്തുത സ്കോളർഷിപ്പ് തുക ലഭിക്കുന്നതിനുള്ള നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ രജിസ്ട്രേഷന് തടസ്സം സൃഷ്ടിക്കുമെന്നും, ആയത് സ്കോളർഷിപ്പ് തുക നഷ്ടപ്പെടുവാൻ ഇടവരുത്തുമെന്നും പ്രധാനാധ്യാപകൻ രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എം.കെ. ഷൈൻമോൻ
പെൻ 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14